പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5327

23.05.2017 ൽ മറുപടിയ്ക്ക്

## ഇൻഫർമേഷൻ കേരള മിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) പഞ്ചായത്തുകളിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) മുഖേന നൽകുന്ന വിവിധ കമ്പ്യൂട്ടർ സേവനങ്ങളുടെ സോഫ്റ്റ് വെയർ സംവിധാനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നത് പരിഗണിക്കുമോ; | എ) നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി സോഫ്റ്റ് വെയർ സംവിധാനം പരിഷ്കരിച്ചു വരുന്നുണ്ട്. |
| ബി) കെട്ടിട നികുതിയുമായി ബന്ധപ്പെട്ട "സഞ്ചയ" സോഫ്റ്റ് വെയർ സംവിധാനത്തിൽ നികുതി കുടിശ്ശിക, സർവ്വീസ് ടാക്സ്, കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തൽ എന്നിവയിൽ വീഴ്ച സംഭവിച്ചതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) ഇവ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | സി) പ്രസ്തുത അപാകതകൾ പരിഹരിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| ഡി) ജനന-മരണ രജിസ്ട്രേഷൻ സംബന്ധിച്ച് സോഫ്റ്റ് വെയർ സംവിധാനത്തിലും ഇതിന്റെ വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിലും നിരവധി പഞ്ചായത്തുകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ; | ഡി) ജനന-മരണ രജിസ്ട്രേഷൻ വാർഷിക കണക്കുകൾ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതികൾ ഇൻഫർമേഷൻ കേരള മിഷൻ മുഖാന്തിരം പരിഹരിച്ചു നൽകിയിട്ടുണ്ട്. കൂടാതെ അപാകതകൾ പരിഹരിക്കുന്നതിന് ബ്ലോക്ക് ടെക്നിക്കൽ ഓഫീസർമാരും, ജില്ലാ ടെക്നിക്കൽ ഓഫീസർമാരും തദ്ദേശ യൂണിറ്റുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരും നിലവിലുണ്ട്. എല്ലാ വർഷവും തദ്ദേശ ജനന മരണ രജിസ്ട്രാർക്ക് ചീഫ് രജിസ്ട്രാറുടെ ഓഫീസിൽ നിന്നും ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ ട്രെയിനിംഗും നൽകി വരുന്നു. |
| ഇ) ഐ.കെ.എം.ന്റെ ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ഇ) ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ